"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലയിലെ ഫസ്റ്റ് സിഗ്നേറ്ററിയുടെ ചുമതല നിർവഹിക്കുന്നതിനായി District Empowerment Officer നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.761/2024/LSGD തീയതി,തിരുവനന്തപുരം, 20-04-2024

പരാമർശം:-

1. ഗ്രാമവികസന കമ്മീഷണറുടെ 03.01.2012 ലെ 8214/ഇ.ജി.എസ് 2/12/സി.ആർ.ഡി നമ്പർ ഉത്തരവ്.
2. സ.ഉ (പി) നം.74/2022/തസ്വഭവ, തീയതി 27.10.2022.
3. MGNREGA മിഷൻ ഡയറക്ടറുടെ 18.11.2023 ലെ I/101742/2023 നമ്പർ കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.04.2024ലെ LSGD/PD/6643/2024-DEA നമ്പർ കത്ത്.
5. MGNREGA മിഷൻ ഡയറക്ടറുടെ 09.04.2024 ലെ NREGA/249/2022-A2 നമ്പർ കത്ത്.

**ഉത്തരവ്**

നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പിൽ ജില്ലാ തലത്തിൽ നിയമിതരായിരുന്ന ജില്ലാ വനിതാ ക്ഷേമ ഓഫീസർമാരുടെ സേവനം തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്ററുടെ ഓഫീസിലേയ്ക്ക് മാറ്റി ചുമതല നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. ഇപ്രകാരം നിയമിതരായിരുന്ന ജില്ലാ വനിതാ ക്ഷേമ ഓഫീസർമാർക്ക് സോഷ്യൽ ഓഡിറ്റ്, അംഗനവാടി നിർമ്മാണം, പരാതി പരിഹാരം, മേറ്റ് നിയമനം, പരിശീലനം, IEC, ഡോക്യുമെന്റേഷൻ എന്നീ പ്രവർത്തനങ്ങളിൽ ചുമതലകൾ നിശ്ചയിച്ച് നൽകിയിരുന്നു. കൂടാതെ ജില്ലാ തലത്തിൽ നടത്തുന്ന ചെലവുകളുടെ ഫസ്റ്റ് സിഗ്നേറ്ററി ആയും ഇവർക്ക് ചുമതല നൽകിയിരുന്നു. നിലവിൽ ജില്ലാ വനിതാ ക്ഷേമ ഓഫീസർ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (വിമൻ ഡെവലപ്മെന്റ്) എന്നീ തസ്തികകൾ തദ്ദേശ സ്വയംഭരണ വകുപ്പ് ഏകീകരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് മാറ്റിയിരിക്കുകയാണെന്നും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ അല്ലാതെ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ മാരുടെ ഓഫീസിൽ മറ്റു സർക്കാർ ഉദ്യോഗസ്ഥർ ഇല്ലാത്ത സാഹചര്യത്തിൽ നിലവിൽ ജില്ലകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഓഫീസിൽ ഫസ്റ്റ്

സിഗ്നേറ്ററി ചുമതല ആർക്കും അനുവദിച്ച് നൽകുവാൻ സാധിക്കുന്നില്ല എന്നും ഇത് ഫണ്ട് വിതരണത്തെ ബാധിക്കുന്നതായും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ വനിതാക്ഷേമ ഓഫീസറുടെ സേവനം ഫസ്റ്റ് സിഗ്നേറ്ററി ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഫസ്റ്റ് സിഗ്നേറ്ററിയുടെ ചുമതല നിർവഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേക്ക് മാറ്റിയിട്ടുള്ള District Empowerment Officer മാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം), മൂന്നാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം - 33.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/ തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 22-04-2024 13:08:10
സെക്ഷൻ ഓഫീസർ